# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.943** **10.06.2019 ലെ മറുപടി**

## നദികളുടേയും തോടുകളുടേയും തീരസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2018 ആഗസ്റ്റ് 16 ന് ഉണ്ടായ മഹാപ്രളയത്തിൽ ഇടിഞ്ഞു പോയ നദികളുടേയും തോടുകളുടേയും തീരം കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും തീര സംരക്ഷണ പദ്ധതിക്കായി ഇതിനകം എത്ര രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇപ്രകാരം വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച തീരം കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പത്തനംതിട്ട ജില്ലയിൽ എത്ര രൂപയാണ് ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത്; കണക്കുകൾ ലഭ്യമാക്കാമോ; | (ബി) ഉണ്ട്. പത്തനംതിട്ട ജില്ലയ്ക്ക് മൈനർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ **617.245** ലക്ഷം രൂപയും മേജർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ **486.85** ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) ഇതു സംബന്ധിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഉടൻതന്നെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നം. | ജില്ല | നിവേദനങ്ങളുടെ എണ്ണം | വിവിധ കാര്യാലയങ്ങളിൽ നിന്നും തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 17 | 858.366 |
| 2 | കൊല്ലം | 44 | 771.86 |
| 3 | പത്തനംതിട്ട | 134 | 1197.345 |
| 4 | കോട്ടയം | 209 | 2760.21 |
| 5 | ഇടുക്കി | 136 | 1387.16 |
| 6 | ആലപ്പുഴ | 93 | 1548.91 |
| 7 | എറണാകുളം | 67 | 953.468 |
| 8 | തൃശ്ശൂർ | 66 | 1941.11 |
| 9 | പാലക്കാട് | 18 | 1020.00 |
| 10 | വയനാട് | 13 | 372.40 |
| 11 | മലപ്പുറം | 120 | 1587.95 |
| 12 | കോഴിക്കോട് | 152 | 2159.84 |
| 13 | കണ്ണൂർ | 141 | 803.15 |
| 14 | കാസർഗോഡ് | 16 | 1277.00 |
| **ആകെ** | | **1226** | **18638.77** |

Section Officer